REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപദി മുർമു വിവിധ സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ചു. തമിഴ്നാടിന്റെ അധിക ചുമതല സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറിന്.**
- **പശ്ചിമേഷ്യൻ രാജ്യങ്ങളിൽ സംഘർഷം വളരുന്നു. ഇറാൻ ആക്രമണത്തിൽ ബഹ്റൻ, ലബനൻ, ഖത്തർ, അസർബൈജാൻ, സൗദി അറേബ്യ, എന്നിവിടങ്ങളിൽ നാശനഷ്ടങ്ങളും മരണവും.**
- **ആനക്കാംപൊയിൽ--മേപ്പാടി തുരങ്കപാതയുടെ ഫസ്റ്റ് ബ്ലാസ്റ്റ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വിച്ച് ഓൺ ചെയ്യും.**
- **ടീം ഇന്ത്യ ICC ട്വന്റി 20 ക്രിക്കറ്റ് ഫൈനലിൽ. ഇംഗ്ലണ്ടിനെ രണ്ടാം സെമിയിൽ തോൽപ്പിച്ചത് ഏഴ് റൺസിന്.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപദി മുർമു വിവിധ സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ചു. തമിഴ്നാട് ഗവർണറായിരുന്ന RN രവിയെ പശ്ചിമ ബംഗാൾ ഗവർണറായി മാറ്റിനിയമിച്ചു. പശ്ചിമ ബംഗാൾ ഗവർണറായിരുന്ന ഡോ. CV ആനന്ദബോസിന്റെ രാജി സ്വീകരിച്ച ശേഷമാണ് നിയമനം. തമിഴ്നാടിന്റെ അധിക ചുമതല സംസ്ഥാന ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറിന് നൽകിയിട്ടുണ്ട്.

ഡൽഹി ലെഫ്റ്റനന്റ് ഗവർണർ, മുൻ നയതന്ത്ര ഉദ്യോഗസ്ഥൻ കരംജിത് സിംഗ് സന്ധുവാണ്. ഹിമാചൽ പ്രദേശ് ഗവർണറായിരുന്ന ശിവപ്രസാദ് ശുക്ലയെ തെലങ്കാന ഗവർണറായി മാറ്റി നിയമിച്ചു. അവിടെ ഗവർണറായിരുന്ന ജിഷ്ണുദേവ് വർമയാണ് പുതിയ മഹാരാഷ്ട്ര ഗവർണർ.

✪✪✪

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ സംഘർഷം വളരുന്നു. ഇറാന്റെ ആക്രമണത്തിൽ ബഹ്റൻ, ലബനൻ, ഖത്തർ, അസർബൈജാൻ, സൗദി അറേബ്യ, എന്നിവിടങ്ങളിൽ നാശനഷ്ടങ്ങളും മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇറാനെതിരെ അമേരിക്കയും ഇസ്രായേലും സംയുക്ത വ്യോമാക്രമണം തുടരുകയാണ്.

ഡെസ്ക് റിപ്പോർട്ട്....

............വോയ്സ്.......

ഇറാനെതിരായ നടപടിയുടെ അടുത്ത ഘട്ടത്തിലേക്ക് നീങ്ങുകയാണെന്ന് ഇസ്രായേൽ പ്രതിരോധ സേനയുടെ ചീഫ് ഓഫ് സ്റ്റാഫ് പറഞ്ഞു. ബഹ്റൈൻ എണ്ണ ശുദ്ധീകരണശാലയിൽ ഇറാനിയൻ മിസൈൽ പതിച്ചതായി റിപ്പോർട്ട് ഉണ്ട്. തീ അണച്ചതായും എണ്ണ ശുദ്ധീകരണശാല പ്രവർത്തനക്ഷമമായി തുടരുന്നതായും, ആളപായമില്ലെന്നും അധികൃതർ അറിയിച്ചു. ലെബനനിൽ, ഇസ്രായേൽ ഹിസ്ബുള്ള ഏറ്റുമുട്ടലുകളിൽ 102 പേർ മരിച്ചതായും 638 പേർക്ക് പരിക്കേറ്റതായും അവരുടെ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

ഇസ്രായേലിനെതിരായ ആക്രമണങ്ങൾ നിർത്താൻ ഹിസ്ബുള്ളയോട് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ആവശ്യപ്പെട്ടു. ലെബനനിൽ കരസേനാ നടപടി ആരംഭിക്കുന്നതിനെതിരെ ഇസ്രായേലിന് മുന്നറിയിപ്പ് നൽകുകയും ചെയ്തു. സൗദി അറേബ്യ, ഇറാന്റെ നിരവധി ഡ്രോണുകൾ നശിപ്പിച്ചതായി അറിയിച്ചു.

✪✪✪

CBSE പശ്ചിമേഷ്യൻ മേഖല നാളെ മുതൽ ഈ മാസം 11 വരെ നടത്താൻ നിശ്ചയിച്ചിരുന്ന പത്താം ക്ലാസ് പരീക്ഷയും നാളത്തെ 12-ാം ക്ലാസ് പരീക്ഷയും റദ്ദാക്കി. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കും.

✪✪✪

LDF യുദ്ധവിരുദ്ധ റാലി വൈകിട്ട് കോഴിക്കോട് മുതലക്കുളത്ത് നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

വ്യാപാര നിക്ഷേപ രംഗത്ത് ഇന്ത്യ - ഫിൻലൻഡ് ഉഭയ കക്ഷി ബന്ധം ഇരുരാജ്യങ്ങളേയും വളർച്ചയിലേക്ക് നയിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിൻലാൻഡ് പ്രസിഡന്റ് അലക്സാണ്ടർ സ്റ്റബ്ബും അഭിപ്രായപ്പെട്ടു.

2030 ഓടെ ഉഭയ കക്ഷി വ്യാപാര ബന്ധം ഇപ്പോഴത്തതിന്റെ ഇരട്ടിയാക്കുമെന്നും ഇരുനേതാക്കളും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

കൃഷിയും ഗ്രാമീണ പരിവർത്തനവും എന്ന വിഷയത്തിൽ ബജറ്റാനന്തര വെബിനാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. കശുവണ്ടി, തെങ്ങ്, ചന്ദനം, അഗർവുഡ്, ബദാം, വാൽനട്ട്, പൈൻ പരിപ്പ് തുടങ്ങിയ വിളകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഉയർന്ന മൂല്യത്തിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ വെബിനാർ ശ്രദ്ധ കേന്ദ്രീകരിക്കും.

✪✪✪

അസമിലെ ജോർഡ് ഹട്ടിൽ നിന്ന് ഇന്നലെ വൈകിട്ട് ആശയവിനിമയം നഷ്ടപ്പെട്ട് കാണാതായ വ്യോമസേനയുടെ  സുഖോയ് യുദ്ധവിമാനത്തിനായി തെരച്ചിൽ തുടരുന്നു. ഇന്നലെ വൈകിട്ട് 7.42നാണ് വിമാനവുമായി ബന്ധം  നഷ്ടമായത്.

✪✪✪

കേന്ദ്ര ജീവനക്കാരുടെ എട്ടാം ശമ്പള കമ്മീഷൻ സംഘടനകളിൽ നിന്നും യൂണിയനുകളിൽ നിന്നും വ്യക്തികളിൽ നിന്നും നിവേദനങ്ങളും നിർദേശങ്ങളും ക്ഷണിച്ചു. ജീവനക്കാർക്കും പെൻഷൻകാർക്കും  ഓൺലൈനായി ഔദ്യോഗിക വെബ്സൈറ്റിൽ  നിർദേശങ്ങൾ സമർപ്പിക്കാം. പോർട്ടൽ വഴിയല്ലാതെ e-മെയിൽ, കത്ത്, PDF എന്നിവ വഴി ഇവ സ്വീകരിക്കില്ലെന്ന് കമ്മീഷൻ വ്യക്തമാക്കി. ഏപ്രിൽ 30 വരെ നിവേദനങ്ങളും നിർദേശങ്ങളും സമർപ്പിക്കാം.

✪✪✪

ഗ്രാമവികസന മന്ത്രാലയം MY ഭാരതുമായി സഹകരിച്ച് ഇന്ന് മുതൽ രാജ്യവ്യാപകമായി വിക്സിത് ഭാരത് -G - റാം G യൂത്ത് ഡിജിറ്റൽ കാമ്പെയ്ൻ ആരംഭിക്കും. വിക്സിത് ഭാരത് - ഗ്രാമീണ തൊഴിൽ ഉപജീവനമാർഗ്ഗ ദൗത്യ നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉറപ്പാക്കുകയാണ് കാമ്പെയ്നിന്റെ ലക്ഷ്യം.

ഇതിന്റെ ഭാഗമായി, 15 മുതൽ 29 വയസ്സ് വരെ പ്രായക്കാർക്കായി ‘60 സെക്കൻഡ്സ് ഫോർ മൈ വില്ലേജ് ‘ എന്ന പേരിൽ ദേശീയതല ഷോർട്ട് വീഡിയോ, റീൽ ആനിമേറ്റഡ് വീഡിയോ മത്സരവും സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താൻ കൊച്ചിയിലെത്തിയ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്ന് നഗരത്തിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കും.

മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും.

രാവിലെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും, സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറും ബോധവത്കരണ പരിപാടിയിൽ കോളേജ് വിദ്യാർത്ഥികളുമായി ഗോശ്രീ പാലത്തിൽ സംവദിക്കും.

ഇന്നും, നാളെയുമായി കൊച്ചിയിലെ ദർബാർ ഹാൾ ഗ്രൗണ്ട്, മറൈൻ ഡ്രൈവ്, ചീനവല പാലം, ചെറായി ബീച്ച്, മ്യൂസിക്കൽ വാക്ക് വേ എന്നിവിടങ്ങൾ ഗ്യാനേഷ് കുമാർ സന്ദർശിക്കും.

✪✪✪

കേരളത്തിലെ ഏറ്റവും വലിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഒന്നായ ആനക്കാംപൊയിൽ--മേപ്പാടി തുരങ്കപാതയുടെ ഫസ്റ്റ് ബ്ലാസ്റ്റ് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ സ്വിച്ച് ഓൺ ചെയ്യും. മറിപ്പുഴ പദ്ധതി പ്രദേശത്താണ് തുരങ്കത്തിനായി പാറ തുരക്കുന്ന പ്രവൃത്തിക്ക് തുടക്കമിടുന്നത്. പൊതുജനങ്ങൾക്ക് ചടങ്ങ് മുത്തപ്പൻപുഴ LP സ്കൂളിൽ തത്സമയം കാണാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

(വോയ്സ് ........)

കോഴിക്കോട് - വയനാട് ജില്ലകളെ ബന്ധിപ്പിച്ച് 8.73 കിലോമീറ്റർ നീളത്തിലാണ് തുരങ്കപാത നിർമ്മിക്കുന്നത്.

മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, KN ബാലഗോപാൽ, K രാജൻ, AK ശശീന്ദ്രൻ, OR കേളു, പ്രിയങ്ക ഗാന്ധി MP, തുടങ്ങിയവർ പങ്കെടുക്കും.

കഴിഞ്ഞ ഓഗസ്റ്റ് 31ന് മുഖ്യമന്ത്രി തുരങ്കപാതയുടെ പ്രവൃത്തി ഉദ്ഘാടനം ചെയ്തിരുന്നു. തുടർന്ന് താൽക്കാലിക പാലം, ക്രഷർ യൂണിറ്റ്, ഫ്യൂവൽ ടാങ്ക്, തൊഴിലാളികൾക്ക് ക്യാമ്പ് ഷെഡ് എന്നിവ പൂർത്തിയാക്കിയ ശേഷമാണ് ബ്ലാസ്റ്റിങ് ആരംഭിക്കുന്നത്.

പൊതുമരാമത്ത് വകുപ്പിനാണ് പദ്ധതിയുടെ മേൽനോട്ട ചുമതല. കിഫ്ബി ഫണ്ടിൽ നിന്ന് 2134 കോടിയിൽ പരം രൂപ ചെലവഴിച്ചാണ് നിർമാണം. കൊങ്കൺ റെയിൽവേ കോർപ്പറേഷനാണ് പദ്ധതി നടത്തിപ്പിന്റെയും നിർവഹണത്തിന്റെയും ചുമതല. നാല് വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

✪✪✪

കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനത്ത് 12 പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോഴിക്കോട് മാവൂരിൽ ആരംഭിച്ച ഫയർ സ്റ്റേഷൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

KSFE-യുടെ 685-ാം ശാഖ തിരുവനന്തപുരം ടെക്നോപാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സാങ്കേതികവിദ്യയുടെ വലിയ പരിവർത്തന ഘട്ടത്തിലൂടെയാണ് KSFE- കടന്നുപോകുന്നത് എന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ടീം ഇന്ത്യ ICC ട്വന്റി 20 ക്രിക്കറ്റ് ഫൈനലിൽ. ഇന്നലെ ഇംഗ്ലണ്ടിനെ രണ്ടാം സെമിയിൽ ഏഴ് റൺസിന് തോൽപ്പിച്ചാണ് ഇന്ത്യ രണ്ടാം ഫൈനലിസ്റ്റുകളായത്. മുംബൈ വാംഗഡെ സ്റ്റേഡിയത്തിൽ ഇന്ത്യയുടെ ഏഴിന് 253 റൺസെന്ന സ്കോറിനെതിരെ ബാറ്റ് ചെയ്ത ഇംഗ്ലണ്ട് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 246 റൺസെടുത്തു. 42 പന്തിൽ നിന്ന് 89 റൺസെടുത്ത സഞ്ജു സാംസൺ-ന്റെ തകർപ്പൻ പ്രകടനമാണ് ഇന്ത്യൻ വിജയത്തിന്റെ അടിത്തറയായത്. സഞ്ജു സാംസണാണ് പ്ലെയർ ഓഫ് ദ മാച്ച്. മറ്റന്നാൾ ഫൈനലിൽ ഇന്ത്യ ന്യൂസിലാന്റിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് കലാശപ്പോരാട്ടം.

ഫൈനലിലെത്തിയ ഇന്ത്യൻ ടീമിനെ ആഭ്യന്തര മന്ത്രി അമിത് ഷാ അഭിനന്ദിച്ചു. ഇന്ത്യൻ ടീമിന്റെ ഒത്തൊരുമയും കഠിനാദ്ധ്വാനവുമാണ് വിജയത്തിലേക്ക് വഴി തുറന്നതെന്ന് അമിത് ഷാ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

BJP, വികസനം ജന്മാവകാശം എന്ന മുദ്രാവാക്യത്തോടെ സംഘടിപ്പിക്കുന്ന മെഗാഅദാലത്തും ജനസംഗമവും രാവിലെ കണ്ണൂരിൽ ആരംഭിക്കും. ധർമ്മടം മണ്ഡലത്തിലെ മമ്പറം എജുക്കേഷണൽ ട്രസ്റ്റ് ഗ്രൗണ്ടിലെ അദാലത്തിൽ കേന്ദ്രമന്ത്രി ശോഭ കരന്ദലജെയും BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും ജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കും.

കേന്ദ്ര പദ്ധതികളുടെ ഹെൽപ് ഡസ്കും ഒരുക്കിയിട്ടുണ്ട്. BJP ദേശീയ ഉപാധ്യക്ഷൻ AP. അബ്ദുള്ളക്കുട്ടി, C സദാനന്ദൻമാസ്റ്റർ MP, ദേശീയസമിതിയംഗം CK പത്മനാഭൻ, സംസ്ഥാന ജനറൽ സെക്രട്ടറി S. സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ശ്രീനാരായണഗുരു - മഹാത്മാഗാന്ധി സമാഗമശതാബ്ദി സമ്മേളനം രാവിലെ ലോക്സഭ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി കൊല്ലം ആശ്രാമം മൈതാനത്ത് ഉദ്ഘാടനം ചെയ്യും. ശ്രീനാരായണഗുരു സമാധി ശതാബ്ദിയുടെ മൂന്നാമത് മഹാസമ്മേളനം കൂടിയാണിത്.

✪✪✪

കേരള പൊലീസിന്റെ ഓപറേഷൻ സൈ ഹണ്ടിൽ മലപ്പുറം ജില്ലയിൽ 27 പേർ അറസ്റ്റിലായി. സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയാനും തട്ടിപ്പ് നടത്തിയവരെ കണ്ടെത്താനും ഇന്നലെ സംസ്ഥാനവ്യാപകമായി നടത്തിയ പരിശോധനയിൽ 36 കേസുകൾ രജിസ്റ്റർചെയ്തു.

✪✪✪

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംഘടിപ്പിക്കുന്ന ഉന്നത് ഭാരത് അഭിയാന്റെ കണ്ണൂർ ജില്ലാതല ശിൽപശാല രാവിലെ കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ ആരംഭിക്കും. പാലക്കാട് IIT നേതൃത്വം നൽകുന്ന ശില്പശാലയിൽ ആകാശവാണി കണ്ണൂർ നിലയം പ്രോഗ്രാം മേധാവി H വിനോദ് ബാബു മുഖ്യാതിഥിയായി പങ്കെടുക്കും.

✪✪✪

സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാനായി N അലി അബ്ദുല്ലയെ വീണ്ടും തിരഞ്ഞെടുത്തു. കഴിഞ്ഞ ഭരണ സമിതിയിൽ ചെയർമാനായിരുന്ന VM കോയ മാസ്റ്ററുടെ വിയോഗത്തെ തുടർന്ന് അലി അബ്ദുല്ലയെ ചെയർമാനായി നോമിനേറ്റ് ചെയ്തിരുന്നു. നേരത്തെ വഖഫ് ബോർഡ് അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

✪✪✪

പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് തൃശൂരിൽ നിന്ന് KSRTC ഡബിൾ ഡക്കർ ബസ് സർവീസ് വൈകിട്ട് മന്ത്രി KB ഗണേഷ്കുമാർ ഫ്ലാഗ് ഓഫ് ചെയ്യും. സുവോളജിക്കൽ പാർക്കിലാണ് ഉദ്ഘാടന ചടങ്ങ്. തൃശൂരിൽ നിന്ന് ഗ്രാമ-നഗര - കാഴ്ചകൾ കണ്ട് പാർക്കിലെത്താൻ സർവീസ് പ്രയോജനപ്പെടും.

മന്ത്രി കെ രാജനും മറ്റു ജനപ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും

✪✪✪

സംസ്ഥാന ആരോഗ്യ വകുപ്പ് Me-HEALTH ആപ്പ് ആരംഭിച്ചു. ആപ്പിലൂടെ ഉപയോക്താക്കൾക്ക് 10 കിലോമീറ്റർ പരിധിയിലെ ആശുപത്രികളുടെ വിശദാംശങ്ങൾ, ലാബുകൾ, പരിശോധനാ നിരക്ക്, രക്തബാങ്കുകൾ

എന്നിവയടക്കം വിവരങ്ങൾ ലഭ്യമാകും. ഡോക്ടർമാരുടെ അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യാനും ആപ്പിൽ സൗകര്യമുണ്ട്.

✪✪✪

തൃശൂർ ചാവക്കാട് ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ കാമ്പസിൽ ഫിഷറീസ് നോളജ് സെന്റർ മന്ത്രി സജി ചെറിയാൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. കുഫോസിന്റെ കീഴിലാണ് നോളജ് സെന്ററിന്റെ പ്രവർത്തനം.

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താനും വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടാണ് വിജ്ഞാനകേന്ദ്രം ആരംഭിച്ചതെന്ന് മന്ത്രി പറഞ്ഞു.

✪✪✪

*News Editor & News Reader : അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി, മണികണ്ഠൻ*
*DEO : സി കെ സുബോധ്*